**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3121** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം നിയോജക മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഭരണാനുമതി ലഭിച്ച ഇരവിപുരം നിയോജക മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതികളായ ഇരവിപുരം, മയ്യനാട്, കുറ്റിച്ചിറ, കോളേജ് ജംഗ്ഷൻ, കൂട്ടിക്കട, പോളയത്തോട് എന്നിവയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (എ) | ഇരവിപുരം മണ്ഡലത്തിൽ 5 ആർ.ഒ.ബി.കൾ നിർമ്മിക്കാൻ ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ.-യെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഇരവിപുരം ആർ.ഒ.ബി, മയ്യനാട് ആർ.ഒ.ബി, കൂട്ടിക്കട ആർ.ഒ.ബി, കല്ലുംതാഴം ആർ.ഒ.ബി, എസ്.എൻ. കോളേജ് ആർ.ഒ.ബി എന്നിവയാണ്. ഇവയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>**ഇരവിപുരം ആർ.ഒ.ബി**<br><br>ഇരവിപുരം ആർ.ഒ.ബി. യുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. **മയ്യനാട് ആർ.ഒ.ബി**<br><br>സ്ഥലമേറ്റെടുക്കൽ അന്തിമ ഘട്ടത്തിലാണ്. സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കുകയും റെയിൽവേയിൽ നിന്നും ജി.എ.ഡി-ക്ക് അംഗീകാരം ലഭിക്കുകയും ചെയ്താൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതാണ്.<br><br>**പോളയത്തോട് കൂട്ടിക്കട ആർ.ഒ.ബി**<br><br>സ്ഥലമേറ്റെടുക്കൽ ആരംഭ ഘട്ടത്തിലാണ്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**കല്ലുംതാഴം ആർ.ഒ.ബി**<br><br>ജി.എ.ഡി റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്. ജി.എ.ഡി.-ക്ക് റെയിൽവേയിൽ നിന്നും അംഗീകാരം ലഭ്യമായ ശേഷം സ്ഥലമേറ്റെടുക്കൽ ആരംഭിക്കുന്നതാണ്.<br><br>**എസ്.എൻ. കോളേജ് ആർ.ഒ.ബി** |

| | | | |
|---|---|---|---|
| | | | ജി.എ.ഡി റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്. ജി.എ.ഡി.-ക്ക് റെയിൽവേയിൽ നിന്നും അംഗീകാരം ലഭ്യമായ ശേഷം സ്ഥലമേറ്റെടുക്കൽ ആരംഭിക്കുന്നതാണ് |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മാണം ആരംഭിച്ച, കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ നിർവഹണ ഏജൻസിയായ ഇരവിപുരം മേല്പാല നിർമ്മാണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടുപോകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി പൂർത്തീകരണം വേഗത്തിലാക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ; | (ബി) | ഇരവിപുരം റെയിൽവേ മേൽപ്പാലത്തിനായി ഭരണാനുമതി നൽകുകയും ഇതിനായി 281.65 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ പ്രവർത്തിയ്ക്കായി ടെൻഡർ ക്ഷണിക്കുകയും M/s. SPL Infrastructure എന്ന സ്വകാര്യ കമ്പനിയുമായി കരാർ ഒപ്പിടുകയും ചെയ്തിട്ടുള്ളതുമാണ്.<br><br>എന്നാൽ 2015-ൽ അംഗീകാരം ലഭിച്ച ഇരവിപുരം മേൽപ്പാലത്തിന്റെ ജി.എ.ഡി. വീണ്ടും പുതുക്കി സമർപ്പിക്കാൻ റെയിൽവേ നിർദ്ദേശിക്കുകയും, അപ്രകാരം പുതുക്കിയ ജി.എ.ഡി.-യുടെ അംഗീകാരം 21.10.2021-ൽ ആണ് റെയിൽവേയിൽ നിന്ന് ലഭിച്ചത്. തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കുകയും, പ്രവൃത്തി ആരംഭിക്കുന്നതിനായി "Notice to Proceed" 09.11.2021-ൽ കരാറുകാരന് നൽകുകയും 06.01.2022-ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.<br><br>കെ.എസ്.ഇ.ബി പോസ്റ്റുകളും, കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകളും അലൈൻമെന്റിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതിനായി അതത് ഡിപ്പാർട്ട്മെന്റുകൾ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 18.09.2021-ൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചത് 26.06.2022-ൽ ആണ്.<br><br>നിലവിൽ പൈൽ, പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ഗർഡറുകളുടെ നിർമ്മാണം ഫാബ്രിക്കേഷൻ യാർഡിൽ പുരോഗമിക്കുകയുമാണ്. റെയിൽവേ സ്പാനുകളുടെ നിർമ്മാണം റെയിൽവേ നേരിട്ടാണ് നിർവ്വഹിക്കുന്നത്.<br><br>റെയിൽവേ സ്പാനിലെ ഗർഡറുകളുടെ erection പൂർത്തിയാക്കിയതിനു ശേഷമേ പാലത്തിന്റെ ഇരുവശങ്ങളിലുമുള്ള സംരക്ഷണ ഭിത്തികളുടെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്ന് റെയിൽവേ നിർദ്ദേശിച്ചിട്ടുമുണ്ട്. റെയിൽവേ പ്രതിനിധികളുമായി സംയുക്ത സ്ഥല പരിശോധന നടത്തുകയും സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തി യാക്കുന്നതിനുള്ള അനുമതി റെയിൽവേയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ പൂർത്തീകരണം വേഗത്തിലാക്കാൻ എല്ലാ മാസവും കരാറുകാരെയും എഞ്ചിനീയറേയും ഉൾപ്പെടുത്തി അവലോകന യോഗം നടത്തുകയും, പ്രവൃത്തി വിലയിരുത്തുകയും ചെയ്യാറുണ്ട്. |
| (സി) | മയ്യനാട് ആർ.ഒ.ബി.യുടെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് 11 (1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ട് രണ്ട് വർഷം കഴിഞ്ഞ സാഹചര്യത്തിൽ ആയത് വേഗത്തിലാക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ? | (സി) | മയ്യനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് 24.12.2018-ന് അർത്ഥന സമർപ്പിക്കുകയും നടപടികളുടെ ഭാഗമായി 18.06.2020 ന് 4(1) നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തുകയും സാമൂഹ്യാഘാത പ്രത്യാഘാത പഠനങ്ങൾക്ക് ശേഷം 02.11.2021-നാണ് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീ കരിച്ചിട്ടുള്ളത്. തുടർന്ന് കെട്ടിടങ്ങളുടെയും, ചമയങ്ങളുടെയും വില നിർണ്ണയവും, ആർ.ആർ പാക്കേജ് നടപടികളും പൂർത്തീകരിച്ച് 25.11.2022-ന് എൽ.എ.ഒ ആവശ്യപ്പെട്ടതു പ്രകാരം 16,08,39,352/- രൂപ ഭൂമി ഏറ്റെടുക്കുന്നതിനായി 16/12/2022-ന് എൽ.എ.ഒ-യ്ക്ക് കൈമാറിയിട്ടുണ്ട്. തുടർന്ന് 03/01/2023-ന് 19(1) വിജ്ഞാപനം അംഗീകരിച്ച് ജില്ലാ കളക്ടർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും അവാർഡ് പാസ്സാക്കുന്ന നടപടികൾ പുരോഗമിച്ചു വരികയുമാണ്. കൂടാതെ 16,97,380/-രൂപ കൂടി കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 16.01.2023-ന് എൽ.എ.ഒ-യ്ക്ക് നൽകിയിട്ടുണ്ട്.<br><br>റെയിൽവേയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് അംഗീകാരത്തിനായി ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ, സതേൺ റെയിൽവേ, ചെന്നൈയ്ക്ക് 24.08.2021-ന് സമർപ്പിക്കുകയും, പദ്ധതി deposit work ആയതിനാൽ പ്ലാൻ & എസ്റ്റിമേറ്റ് ചാർജ്ജ് ഇനത്തിൽ അടയ്ക്കേണ്ട തുകയിൽ വ്യക്തത വരുത്തി അറിയിക്കുവാൻ റെയിൽവേയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.<br><br>സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി ജി.എ.ഡി.യ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പദ്ധതി ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തി ആരംഭിക്കാനാകും. |

സെക്ഷൻ ഓഫീസർ